TRIDA **തിരുവനന്തപുരം വികസന അതോറിറ്റി**

വഴുതക്കാട്, തിരുവനന്തപുരം–695 010

ഫോൺ : 2722748, 2722043

**മെഡിക്കൽ കോളേജ് - സോപാനം കോംപ്ലക്സിന് സമീപമുള്ള ടോയ്‌ലെറ്റ് ബ്ലോക്ക് - നടത്തിപ്പ് അവകാശം - ലേലം ചെയ്യുന്നത് -സംബന്ധിച്ച്.**

**തിരുവനന്തപുരം വികസന അതോറിറ്റിയുടെ ഉടമസ്ഥതയിൽ മെഡിക്കൽ കോളേജ് ജംഗ്ഷനടുത്തുള്ള സോപാനം കോംപ്ലക്സിനു പുറകുവശത്തായി ബസ് സ്റ്റാന്റിനോട് ചേർന്നുള്ള ടോയ്‌ലെറ്റ് ബ്ലോക്ക് കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേയ്ക്ക് ഏറ്റെടുത്ത് നടത്താൻ താൽപര്യമുള്ള വ്യക്തികളിൽ നിന്നും ഏജൻസികളിൽ നിന്നും സീലു ചെയ്ത ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. നിർദ്ദിഷ്ഠ ഫോറത്തിലുള്ള ക്വട്ടേഷനുകൾ**

**28/10/2021-ാം തീയതി വൈകുന്നേരം 3.00 മണിക്ക് മുമ്പായി 2000/- രൂപ നിരതദ്രവ്യ മുൾപ്പെടെ വഴുതയ്ക്കാട്ടുള്ള ട്രിഡ ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്.**

**പ്രസ്തുത ടോയ്‌ലെറ്റ് ബ്ലോക്ക് കരാർ അടിസ്ഥാനത്തിൽ നൽകുന്നതിന് വേണ്ടിയുള്ള ലേലം** 29 /10/2021-**ാം തീയതി രാവിലെ മണിയ്ക്ക് ട്രിഡ ഓഫീസിൽ വച്ച് നടത്തുന്നതും ലേലത്തിന് ശേഷം സീലു ചെയ്ത ക്വട്ടേഷനുകൾ തുറക്കുന്നതുമാണ്. ക്വട്ടേഷനുകൾ സമർപ്പിച്ചിട്ടുള്ളവർ അന്നേ ദിവസം രാവിലെ** 11.00 **മണിയ്ക്ക് മുമ്പായി ട്രിഡാ ഓഫീസിൽ ഹാജരാകേണ്ടതാണ്. താൽപര്യമുള്ളവർക്ക് നിർദ്ദിഷ്ട നിരതദ്രവ്യം അടച്ച് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. ക്വട്ടേഷനിലും ലേലത്തിലും പങ്കെടുക്കുന്നവർ പ്രത്യേകം പ്രത്യേകം നിരതദ്രവ്യം അടയ്ക്കേണ്ടതാണ്. പ്രതിമാസ വാടകയിൻ മേലാണ് ലേലം നടത്തുന്നത്. ട്രിഡ നിശ്ചയിച്ചിരിക്കുന്ന മിനിമം പ്രതിമാസ വാടക 13,080/- രൂപയാണ്. ലേലത്തിലും ക്വട്ടേഷനിലും കൂടുതൽ തുക ഏതാണ് എന്ന് പരിശോധിച്ചതിന് ശേഷം കരാറുകാരനെ നിശ്ചയിക്കുന്നതായിരിക്കും. കൂടാതെ ക്വട്ടേഷൻ/ലേല തുകയുടെ 6 മടങ്ങ് സെക്യൂരിറ്റി ഡെപ്പോസിറ്റായി നിശ്ചിത സമയപരിധിക്കുള്ളിൽ ഒറ്റത്തവണയായി അടയ്ക്കേണ്ടതാണ്. ലേലത്തെ സംബന്ധിച്ച് അന്തിമ തീരുമാനമെടുക്കുന്നതിന് ട്രിഡ സെക്രട്ടറിയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്**

ഒപ്പ്

സെക്രട്ടറി

നമ്പർ : ആർ2/**1267/2015/**ട്രിഡ

തീയതി : **11 /10/2021**

പകർപ്പ് :
1. ട്രിഡാ ഓഫീസ് നോട്ടീസ് ബോർഡ്
2. കേദാരം, സാഫല്യം ഷോപ്പിംഗ് കോംപ്ലക്സ്, ട്രിഡ സെന്റർ, മെഡിക്കൽ കോളേജ്, etc.
3. തിരുവനന്തപുരം കോർപ്പറേഷൻ, നോട്ടീസ് ബോർഡ്.

b/-